**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലാർക്ക് ശ്രീ.എസ്.അജയസിംഹന് ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചികിൽസ നടത്തുന്നതിന് 15,00,000/- രൂപ പലിശരഹിത വായ്പ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ. (സാധാ) നം.603/2019/തസ്വഭവ. തീയതി, തിരുവനന്തപുരം,12/03/2019.**

---

പരാമർശം :-

1. 18/02/1997 ലെ സഉ(പി) നമ്പർ 45/97/ആകുവ നമ്പർ ഉത്തരവ്.
2. 02/11/2000 ലെ സഉ(പി) നമ്പർ 285/2000/ആകുവ നമ്പർ ഉത്തരവ്.
3. 20/11/2001 ലെ സഉ(പി) നമ്പർ 298/2001/ആകുവ നമ്പർ ഉത്തരവ്.
4. 12/11/2018 ലെ ശ്രീ.എസ്.അജയസിംഹന്റെ അപേക്ഷ.
5. പഞ്ചായത്ത് ഡയറക്ടറുടെ 29/11/2018, 08/02/2019 - തീയതികളിലെ PAN/26129/2018-F2(DP) നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ.എസ്.അജയസിംഹന്റെ (ജനനത്തീയതി 25/05/1967, Permanent Employee Number- 106515) bilateral medical medullary syndrome സംബന്ധമായ ചികിത്സയ്ക്കും ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ PEG Procedure നടത്തുന്നതിനും 15,00,000/-രൂപ പലിശരഹിത വായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷ പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലാർക്ക് ശ്രീ.എസ്.അജയസിംഹന് bilateral medical medullary syndrome സംബന്ധമായ ചികിത്സയ്ക്കും എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ PEG Procedure നടത്തുന്നതിനും 15,00,000/- രൂപ (രൂപ പതിനഞ്ച് ലക്ഷം മാത്രം) പരാമർശം ഒന്നു മുതൽ നാല് വരെയുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളോടെയും ചുവടെ വിവരിക്കുന്ന വ്യവസ്ഥകളോടെയും സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) അനുവദിക്കുന്ന 15,00,000/- രൂപ (രൂപ പതിനഞ്ച് ലക്ഷം മാത്രം) പലിശരഹിത ചികിത്സാ വായ്പ ശ്രീ.എസ്.അജയസിംഹൻ സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ക്ലെയ്മിൽ ക്രമപ്പെടുത്തേണ്ടതാണ്.

(2) ആസ്റ്റർ മെഡിസിറ്റി ആശുപത്രയിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തുക പിൻവലിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ സർക്കാരിൽ ഹാജരാക്കേണ്ടതും, 6 മാസത്തിനുള്ളിൽ പ്രസ്തുത തുക ക്രമപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം 12% പിഴപ്പലിശ ഈടാക്കുന്നതുമാണ്.

(3) പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കേണ്ടതും വായ്പക്കാരനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ് .

(4) ടിയാന്റെ സേവനപുസ്തകത്തിൽ പലിശരഹിത വായ്പയുടെ തുക, സർക്കാർ ഉത്തരവ് നമ്പരും തീയതിയും, കണ്ടിജന്റ് ബിൽ നമ്പർ, പലിശരഹിത വായ്പ പിൻവലിച്ച ട്രഷറിയുടെ പേര്, തുക പിൻവലിച്ച തീയതി മുതലായവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

(5) പലിശരഹിത വായ്പ ക്യാൻസൽ ചെയ്യുകയോ, തുക പിൻവലിക്കാതിരിക്കുകയോ ചെയ്താൽ ആ വിവരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(6) അനുവദിക്കുന്ന 15,00,000/- രൂപയിൽ ഉപയോഗിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്.

(7) ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02)" എന്ന ശീർകത്തിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ശ്രീ. എസ്.ആജയസിംഹൻ, ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ) കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്(G2/2483/2018/H&FWD dated 07/01/2019).
ധനകാര്യ വകുപ്പ്.(1071217/L3/19/2019-FIN dated 17/01/2019).
ജില്ല ട്രഷറി ഓഫീസർ, ആലപ്പുഴ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. ഇ.പി.എ 3/379/2018/തസ്വഭവ).

ഉത്തരവിൻപ്രകാരം

Denija MS

സെക്ഷൻ ഓഫീസർ